## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4293** **09-08-2021 - ൽ മറുപടിയ്ക്ക്**

## തോട്ടട ഇ.എസ്.ഐ. ആശുപത്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ നിയോജകമണ്ഡലത്തിലെ തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന നിരവധി രോഗികൾ ഇവിടെ ഡയാലിസിസ് യൂണിറ്റ് ഇല്ലാത്തതിനാൽ പുറത്ത് പോയി ഡയാലിസിസ് ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ഇത്തരം രോഗികൾക്ക് പ്രയോജനപ്പെടുംവിധം പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;? | (എ) | തോട്ടട ഇ.എസ്.ഐ ആശുപത്രിയിൽ നിന്ന് ഒരു മാസം ശരാശരി 3 രോഗികൾക്ക് മാത്രമാണ് ഡയാലിസിസ് വേണ്ടി വരുന്നത്. പരിരക്ഷിത വ്യക്തികൾക്ക് ക്യാഷ് ലെസ്സായി സൂപ്പർസ്പെഷ്യാലിറ്റി സേവനങ്ങൾ ലഭിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ എംപാനൽ ചെയ്തിരിക്കുന്ന കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിലേക്ക് ഡയാലിസിസ് രോഗികൾക്ക് മാസത്തിൽ ഒറ്റ തവണയായി റഫറൻസ് നൽകുന്നുണ്ട്. നിലവിൽ കാർഡിയോളജി, നെഫ്രോളജി, ഓങ്കോളജി, ന്യൂറോളജി യൂണിറ്റുകൾ ഉൾപ്പെടുത്തി തോട്ടട ഇ.എസ്.ഐ ആശുപത്രിയെ സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ